# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 10

# വാർത്താക്കുറിപ്പ്

## പ്രൊവിഷണൽ റാങ്ക് ലിസ്റ്റ്

മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദ/ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിൽ സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി വിഭാഗക്കാർ എന്നിവർക്കായുള്ള സംവരണ സീറ്റുകളിൽ ഏകജാലക പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് ആഗസ്റ്റ് 13 ന് പ്രസിദ്ധീകരിക്കും. അന്തിമ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ആഗസ്റ്റ് 16 നും 18 നും ഇടയിൽ അതത് കോളജുകളിൽ നിശ്ചിത സമയത്ത് ഹാജരായി പ്രവേശനം നേടണം. ഇതു സംബന്ധിച്ച വിശദമായ അറിയിപ്പ് ആഗസ്റ്റ് 13 ന് ലഭിക്കും. മെറിറ്റ് സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തിയതി ആഗസ്റ്റ് 13 ആണ്. ട്രയൽ അലോട്ട്മെൻ്റ് ആഗസ്റ്റ് 18 നും ആദ്യ അലോട്ട്മെൻറ് ആഗസ്റ്റ് 27നും നടക്കും.

.

(പി.ആർ.ഒ/39/754/2021)

## ഇൻ്റർവ്യൂ മാറ്റി

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് എന്ന സ്ഥാപനത്തിൽ നിയമം, മാനേജ്മെൻ്റ് വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഗസ്റ്റ് അധ്യാപകരെ തെരഞ്ഞെടുക്കാൻ ആഗസ്റ്റ് 16ന് നടത്താൻ നിശ്ചയിച്ചിരുന്ന വാക്ക്-ഇൻ ഇൻ്റർവ്യൂ ആ സ്റ്റ് 17 ലേക്ക് മാറ്റിയതായി വകുപ്പ് മേധാവി അറിയിച്ചു. സമയം രാവിലെ 10 മണി.
കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 0481 2310165

പി.ആർ.ഒ/39/755/2021)

## പരീക്ഷാ തിയതി

ബി പി ഇ എസ് രണ്ടാം സെമസ്റ്റർ ( നാല് വർഷ ഇൻറഗ്രേറ്റഡ് പ്രൊഗ്രാം - 2019 അഡ്മിഷൻ - റഗുലർ/2018, 2017, 2016 അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷകൾ സെപ്റ്റംബർ 13ന് ആരംഭിക്കും. ഇതിലേക്കുള്ള അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 1 വരെയും, 525 രൂപ പിഴയോടെ സെപ്റ്റംബർ 2 വരേയും | 1050 രൂപ സൂപ്പർ ഫൈനോടെ സെപ്റ്റംബർ 3 വരേയും സ്വീകരിക്കും. വിശദ വിവരം സർവ്വസൈറ്റിൽ.

.

എം. എസ് സി - സി.ഇ ആൻറ് എൻ. റ്റി മൂന്നാം സെമസ്റ്റർ ( 2019 അഡ്മിഷൻ - സി.എസ്. എസ്) പരീക്ഷകൾ സെപ്റ്റംബർ 13ന് ആരംഭിക്കും. ഇതിലേക്കുള്ള അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 1 വരെയും, 525 രൂപ പിഴയോടെ സെപ്റ്റംബർ 2 വരേയും | 1050 രൂപ സൂപ്പർ ഫൈനോടെ സെപ്റ്റംബർ 3 വരേയും സ്വീകരിക്കും. വിശദ വിവരം സർവ്വസൈറ്റിൽ.

(പി.ആർ.ഒ/39/756/2021)

## പരീക്ഷാ ടൈം ടേബിൾ

മഹാത്മാഗാന്ധി സർവ്വകലാശാല മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2013 മുതൽ 2016 വരെയുള്ള അഡ്മിഷൻ - റീ അപ്പിയറൻസ് ), സി.ബി. സി. എസ്.എസ് ബി.എസ്.സി. സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ - റീ അപ്പിയറൻസ് ) അണ്ടർ ഗ്രാജ്വേറ്റ് സെപ്റ്റംബർ പരീക്ഷകളുടെ ടൈം ടേബിൾ പ്രസിദ്ധീകരിച്ചു. .

.

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2013 മുതൽ 2016 വരെയുള്ള അഡ്മിഷൻ - റീ അപ്പിയറൻസ് )അണ്ടർ ഗ്രാജ്വേറ്റ് സെപ്റ്റംബർ പരീക്ഷകളുടെ ടൈം ടേബിൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/757/2021)

## അപേക്ഷ തിയതി

നാലാം സെമസ്റ്റർ എം.എസ്സി - മോളിക്യുലാർ ബയോളജി ആൻ്റ് ജനറ്റിക്ക് എഞ്ചിനിയറിംഗ് (2018- 2020 ബാച്ച്) വിദ്യാർത്ഥികളുടെ പ്രൊജക്ട് ഇവാലേഷനും വൈവാ - വോസി ക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 12 വരേയും 525 രൂപാ പിഴയോടെ ആഗസ്റ്റ് 13 വരെയും 1050 രൂപ സൂപ്പർ ഫൈനോടെ ആഗസ്റ്റ് 16 വരെയും സ്വീകരിക്കും.

(പി.ആർ.ഒ/39/758/2021)

## ഇൻ്റർവ്യൂ 13 ന്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സോഷ്യൽ വർക്ക് വിഭാഗത്തിലുള്ള അധ്യാപക ഒഴിവിലേക്ക് അഗസ്റ്റ് 13ന് വാക്ക്-ഇൻ ഇൻ്റർവ്യൂ നടത്തുന്നു. സമയം ഉച്ചയ്ക്ക് രണ്ട് മണി. യു ജി.സി ആർ.സി.ഐ മാനദണ്ഡപ്രകാരമുള്ള യോഗ്യതയുള്ളവരെ പരിഗണിക്കും. താത്പര്യമുള്ളവർ sbsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ആഗസ്റ്റ് 12 ന് മുമ്പ് അപേക്ഷിക്കണം.

(പി.ആർ.ഒ/39/759/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ